# കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത് കാര്യാലയം

കാരക്കോണം പി.ഒ, തിരുവനന്തപുരം 695 504

ഫോൺ–0471–2250235, email : nregakkl@gmail.com, kunnathukalgp@gmail.com


നം. എ2–  31.07.2017

## <u>വിജ്ഞാപനം</u>

സംസ്ഥാനത്തെ എല്ലാ ഭവന രഹിതർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സൗകര്യം ഒരുക്കുന്നിനായുള്ള സംസ്ഥാന സർക്കാറിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് മിഷൻ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സർവ്വേ പ്രകാരമുള്ള കുന്നത്തുകാൽ ഗ്രാമ പഞ്ചായത്തിലെ ഭൂമിയുള്ള ഭവനരഹിതരുടെയും ഭൂരഹിത ഭവന രഹിതരുടെയും കരട് ഗുണഭോക്തൃ പട്ടിക ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു.

കരട് ഗുണഭോക്തൃ പട്ടിക സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ നിശ്ചിത മാതൃകയിലുള്ള അപേക്ഷാ ഫോറത്തിൽ **<u>2017 ആഗസ്റ്റ് മാസം 10–ാം തിയതി</u>** വരെ ഗ്രാമപഞ്ചായത്ത് ഓഫീസിൽ സമർപ്പിക്കാവുന്നതാണ്.

ബന്ധപ്പെട്ട കുടുംബനാഥനോ കുടുംബനാഥയ്ക്കോ പ്രായപൂർത്തിയായ കുടുംബാംഗങ്ങൾക്കോ സന്നദ്ധ സംഘടനകൾ, സേവന സന്നദ്ധരായ വ്യക്തികൾ എന്നിവർക്കോ

**<u>(1) അർഹതയുണ്ടായിട്ടും ലിസ്റ്റിൽ ഉൾപ്പെടാത്ത കുടുംബങ്ങളെ ഉൾപ്പെടുത്തുന്നതിനോ (2) അനർഹരായ കുടുംബങ്ങളെ ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുന്നതിനോ</u>**

**<u>(3) അർഹതയുള്ള ഗുണഭോക്താക്കളുടെ വിവരങ്ങളിൽ വന്ന തെറ്റ് തിരുത്തുന്നതിനോ</u>**

അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

ഇപ്രകാരം അപ്പീൽ സമർപ്പിക്കുമ്പോൾ അപ്പീൽ സംബന്ധിച്ച അർഹത തെളിയിക്കേണ്ടത് അപ്പീൽ നൽകുന്നവരുടെ ഉത്തരവാദിത്തമായിരിക്കുന്നതാണ്. അപ്പീൽ അപേക്ഷകളിൻമേൽ തീരുമാനം കൈക്കൊണ്ട് **ആഗസ്റ്റ് 20–ാം തിയതി** ഗുണഭോക്താക്കളുടെ പട്ടിക പുന പ്രസിദ്ധീകരിക്കുന്നതുമാണ്.

**സെക്രട്ടറി**
**കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത്**

പകർപ്പ്:
- പഞ്ചായത്ത് ഓഫീസ് നോട്ടീസ് ബോർഡ്
- കുടുംബശ്രീ സി.ഡി.എസ് ഓഫീസ്
- കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസ്
- ജില്ലാ കളക്ടറേറ്റ്, തിരുവനന്തപുരം
- വില്ലേജ് ആഫീസ്, കുന്നത്തുകാൽ, ആനാവൂർ
- വി.ഇ.ഒ ആഫീസ്
- അംഗനവാടികൾ
- കൃഷി ആഫീസ്
- പി.എച്ച്.സി